കേരള സർക്കാർ

# വാഴക്കുളം ബ്ലോക്ക്പഞ്ചായത്ത്
# 2015-16
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)333/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

ജോയിന്റ് ഡയറക്ടർ

തീയതി : 05.04.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലേയ്ക്കും ഭാഗം 3ലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ജോയിന്റ് ഡയറക്ടര്

പകർപ്പ് :

1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ,

തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ),എറണാകുളം

3)കാര്യാലയ പകർപ്പ്

.

നം.കെ.എസ്.എ.-ഇ.കെ.എം(ബി.പി.)333/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം , സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 05.04.2017

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.ബ്ലോക്ക് പഞ്ചായത്തിന്റെ 01.08.2015 മുതൽ 13.02.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 8 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.ധന്യ ബാലകൃഷ്ണൻ<br>ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.02.2017 മുതൽ 20.02.2017 |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷേർളി പീറ്റർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഗോപകുമാർ എം.എസ് .<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.എം.സന്തോഷ് കുമാർ<br>ഓഡിറ്റർ(ഹ.ഗ്രേ.) |

.

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഇ.പി.ഷമീർ | 01.04.2015 മുതൽ 31.10.2015 |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി. സി.കെ മുംതാസ് | 19.11.2015മുതൽ 31.03.2016 വരെ |

.

| | | |
|---|---|---|
| സെക്രട്ടറി | ശ്രീ.എ.ജെ. മത്തായി | 01.04.2015 മുതൽ 30.12.2015വരെ |
| | ശ്രീ. കെ.വി പ്രകാശൻ (സെക്രട്ടറി- ഇൻ-ചാർജ് ജോയിന്റ് ബി.ഡി.ഒ | 31.12.2015മുതൽ 28.01.2016വരെ |
| | ശ്രീ.പി.വിജയകുമാർ | 29.01.2016മുതൽ 30.01.2016 വരെ |
| | ശ്രീ. കെ.വി പ്രകാശൻ (സെക്രട്ടറി- ഇൻ-ചാർജ് ജോയിന്റ് ബി.ഡി.ഒ | 30.01.2016 മുതൽ 09.02.2016 വരെ |
| | ശ്രീ. റ്റി.ജി. അബിജിത്ത് | 10.02.2016 മുതൽ 31.03.2016 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് ഡയറക്ടർ, കൃഷി | ശ്രീമതി.സജിനി നായർ ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീ.വിജിരാജ് എം.ആർ | 01.04.2015 മുതൽ 31.03.2016 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ബി.ഇന്ദു | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(CHC) വെങ്ങോല | ഡോ.ധന്യ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ(CHC) | ഡോ. സി. അനിലകുമാരി | 01.04.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി.ടി.എൻ മിനി | 01.04.2015 മുതൽ 31.03.2016 വരെ |
| വ്യവസായ വികസന | ശ്രീമതി.ജാസ്മിൻ കെ.എ | 01.04.2015 മുതൽ 31.03.2016 വരെ |

| | | |
|---|---|---|
| ഓഫീസർ | | |
| ശിശുവികസന പദ്ധതി ഓഫീസർ വാഴക്കുളം | ശ്രീമതി.എൻ.എം.വിജയമ്മ | 01.04.2015മുതൽ 31.03.2016 വരെ |
| ശിശുവികസന പദ്ധതി ഓഫീസർ വാഴക്കുളം (അഡീഷണൽ, ആലുവ) | ശ്രീമതി.ജലജ | 01.04.2015മുതൽ 31.03.2016 വരെ |


ഉള്ളടക്കം

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമപദ്ധതികൾ. | 1-8 | |
| 9 | ആഭ്യന്തരനിയന്ത്രണം. | 1-9 | |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 | |
| 11 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-11 | |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 | |
| | ഭാഗം 2 | | |
| 13 | ടെൻഡർ ഫോറത്തിന്റെ വിലയായി പിരിച്ച 1995/- രൂപ അടവാക്കിയതായി കാണുന്നില്ല | 2-1 | |
| | ഭാഗം 3 | | |
| 14 | പട്ടികജാതി യുവതീയുവാക്കൾക്ക് സൈനിക അർദ്ധസൈനിക വിഭാഗത്തിൽ ചേരുന്നതിന് പരിശീലനം- അർഹതയില്ലാത്ത ഗുണഭോക്താവിന് നല്കിയ ആനുകൂല്യം നിരാകരിക്കുന്നു. | 3-1 | |
| 15 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ട അപാകതകൾ | 3-2 | |
| 16 | ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു | 3-3 | |
| 17 | ആകെ പ്രവൃത്തിമൂല്യത്തിന് നികുതി കുറവ് ചെയ്തിട്ടില്ല | 3-4 | |

| | | | |
|---|---|---|---|
| 18 | താമരച്ചാൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം - ലക്ഷങ്ങൾ ചെലവഴിച്ച കെട്ടിടം നിഷ്ക്രിയമായിക്കിടക്കുന്നു. | 3-5 | |
| 19 | ഐ.എ.വൈ വായ്പ- വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. | 3-6 | |
| | ഭാഗം 4 | | |
| 20 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 21 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 22 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 23 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 24 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 25 | ഓഡിറ്റ് റിക്കവറി | 4-6 | |
| 26 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2015-16) | അനുബന്ധം1 | |
| 30 | ബാലൻസ് ഷീറ്റ് (2015-16) | അനുബന്ധം2 | |
| 31 | റസീപ്റ്റ് ആൻഡ് പേയ്മെന്റ് (2015-16) | അനുബന്ധം3 | |
| 32 | ഇൻകം ആൻഡ് എക്സ് പെന്റിച്ചർ (2015-16) | അനുബന്ധം4 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-2016വർഷത്തെ ബജറ്റ് 03.03.2015 തിയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

| | ബജറ്റ് പ്രകാരം | അക്കൗണ്ടസ് പ്രകാരം | വ്യത്യാസം | വ്യത്യാസത്തിന്റെ ശതമാനം |
|---|---|---|---|---|
| വരവ് | 23,40,18,221 | 7,1104,923 | 16,29,13,298 | 69.62% |
| ചെലവ് | 23,40,18,221 | 7,87,52,724 | 15,52,65,497 | 66.35% |

പ്രതീക്ഷിതവരവ്-ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ 60%-ൽ അധികമാണ് വ്യത്യാസം . ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ ബജറ്റ് ആ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്-ചെലവുകളുടെ ഒരു പരിച്ഛേദമായിരിക്കണമെന്ന വ്യവസ്ഥ പ്രായോഗികമാക്കാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരി ഹരിക്കാൻ തിരി ച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2016 | 30.06.2016 | ഇല്ല | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 27/12/2016 | സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചിട്ടില്ല. |

അക്കൗണ്ട്സ് പരിശോധനയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഐ.എ.വൈ ഭവനപദ്ധതിക്കുവേണ്ടി വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് എറണാകുളം ജില്ലാസഹകരണ ബാങ്ക് പെരുമ്പാവൂർ ബ്രാഞ്ചിൽ നിന്ന് 21.05.2013-മുതൽ 31.3.2014 വരെയുള്ള കാലയളവിൽ പല ഗഡുക്കളായി 73,00,000/- രൂപ വായ്പയെടുത്തിട്ടുണ്ട്. എന്നാൽ ഈ വായ്പയുടെ വിവരം വാർഷിക ധനകാര്യപ്പത്രികയിലെ ബാലൻസ് ഷീറ്റിൽ ചേർത്തിട്ടില്ല.

2. ആയതിനാൽ നിലവിൽ വാർഷികധനകാര്യപത്രിക ബ്ലോക്ക് പഞ്ചായത്തിന്റെ യഥാർത്ഥ ആസ്തി -ബാദ്ധ്യത പ്രതിഫലിപ്പിക്കുന്നില്ല.

3. വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിലെ NREGS വരവും ഭരണചെലവും അക്കൗണ്ടസിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 2,69,56,906 |
| വരവ് | 7,11,04,923 |
| ആകെ | 9,80,61,829 |
| ചെലവ് | 7,87,52,724 |
| നീക്കിബാക്കി | 1,93,09,105 |

.

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ട്രാൻസ്ഫർ ക്രഡിറ്റ് വരവ് തുക | വരവ് തുക | ആകെ തുക | ചെലവ് തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെലവ് തുക | നീക്കി ബാക്കി | ചെലവ് ശത മാനം |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3957710 | 2003736 | 21887411 | 27848857 | 27848857 | 0 | 0 | 100 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 3278453 | 0 | 9939090 | 13217543 | 11213807 | 2003736 | 0 | 100 |
| വികസന ഫണ്ട് (ടി.എസ്.പി) | 445776 | 0 | 174000 | 619776 | 619776 | 0 | 0 | 100 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 0 | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1006732 | 0 | 1960900 | 2967632 | 2967632 | 0 | 0 | 100 |
| MG NREGS | 0 | 0 | 0 | 0 | 0 | 0 | 0 | 0 |

1) 11.12.2015-ൽ എസ്.സി.പി ഫണ്ടിനത്തിൽ ബാക്കിനിന്നിരുന്ന യഥാക്രമം തുകയായ 20,03,736/- രൂപ വികസനഫണ്ട് (ജനറൽ) അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തു. 31.03.2016 -ൽ എല്ലാ അക്കൗണ്ടുകളുടെയെല്ലാം നീക്കിബാക്കി ഇല്ലാതാവുകയും ചെയ്തിട്ടുണ്ട്.

2) ബ്ലോക്ക് പഞ്ചായത്തുകളിൽ 13-ാംധനകാര്യക്കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് (KLGSDP), എന്നീ ഫണ്ടിനങ്ങൾ ലഭിക്കുന്നില്ല. MGNREGS – ൽ ബ്ലോക്കിന് കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ലഭിക്കുന്നEFMS വഴിയുള്ള ഫണ്ടിന്റെ കണക്കുകൾ തയ്യാറാക്കുക എന്ന പ്രവൃത്തി മാത്രമാണ് ബ്ലോക്ക് NREGS സെല്ലിൽ നടക്കുന്നത്. എന്നാൽ NREGS സെല്ലിൽ സേവനമനുഷ്ഠിക്കുന്ന ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അസിസ്റ്റന്റ് എൻജിനീയർ എന്നിവരുടെ വേതനമുൾപ്പെടെയുള്ള ഭരണച്ചെലവുകൾക്കായുള്ള വരവ് - ചെലവ് തുക ബ്ലോക്കിന്റെ വാർഷികധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതായി കാണുന്നില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 106 | 5,17,32,574 | 79 | 4,25,58,975 | 16 | 11 | 74.53 |

## 1-7 തനത് വരുമാനം.

ബ്ലോക്ക് പഞ്ചായത്തുകളിൽ നികുതി വരുമാനമില്ല. നികുതിയേതരവരുമാനത്തിൽ ലേലം, ടെൻഡർ ഫോറം വിറ്റവരവ്, വാടക എന്നീ ഇനങ്ങളിൽ നാമമാത്രമായ വരവാണുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 0 | 0 | 0 | 0 |
| നികുതിയേതര വരവുകൾ | 12300 | 23395 | 11095 | (+) 90% |

| | | | | |
|---|---|---|---|---|
| മറ്റുവരവുകൾ | 42398 | 11088 | (-)31310 | (-) 73.84% |
| ആകെ | 54698 | 34483 | (-)20215 | (-) 36.96% |

.

## 1-8 ക്ഷേമപദ്ധതികൾ

ബ്ലോക്ക് പഞ്ചായത്തിൽ സാമൂഹ്യസുരക്ഷിതത്വപെൻഷനുകളുടെ വിതരണം ഇല്ല.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

ആഭ്യന്തരനിയന്ത്രണ സംവിധാനങ്ങളെ സംബന്ധിച്ചുള്ള പരിശോധനയിൽ താഴെപ്പറയുന്നവ ശ്രദ്ധയിൽപ്പെട്ടു

ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന തപാലുകൾ വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നുണ്ട് .

പേഴ്സണൽ രജിസ്റ്റർ : തപാലുകൾ ലഭിക്കുന്നത് രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഓഫീസ് മീറ്റിംഗ് മിനുട്സ് ബുക്ക് : ജീവനക്കാരുടെ യോഗം വിളിച്ചുകൂട്ടി യോഗ തീരുമാനങ്ങൾ/അഭിപ്രായങ്ങൾ മിനുട്സ് ബുക്കിൽ എഴുതിച്ചേർക്കേണ്ടതാണ്.

ഗ്രാമസഭ:ബ്ലോക്ക് ഗ്രാമസഭകൾ കൃത്യമായ കാലയളവിൽ ചേരുന്നുണ്ട്.ഗ്രാമസഭകളിൽ പരമാവധി ജനപങ്കാളിത്തവും ചർച്ചകളും ഉറപ്പുവരുത്തുന്നുണ്ട്.

രജിസ്ററുകളുടെ സൂക്ഷിപ്പ് : അഡ്വാൻസ് രജിസ്റ്റർ, ആസ്തി രജിസ്ററർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഡെപ്പോസിററ് രജിസ്ററർ,പരാതി രജിസ്ററർ എന്നിവ എഴുതി പരിപാലിക്കുന്നതായി കാണുന്നില്ല.

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2017 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ഇന്നേദിവസം ബ്ലോക്ക് പഞ്ചായത്തിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-11 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ബ്ലോക്ക് പഞ്ചായത്തുകളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം നേരിട്ട് നടക്കുന്നില്ല. ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ വരുന്ന വിവിധ ഗ്രാമപഞ്ചായത്തുകളുടെ NREGS പ്രവൃത്തികളുടെ മോണിറ്ററിംഗും, EFMS വഴിയുള്ള ഫണ്ട് വിതരണത്തിന്റെ ക്രോഡീകരണവും മാത്രമേ ബ്ലോക്ക് പഞ്ചായത്തുകളിലെ NREGS സെല്ലിൽ നടക്കുന്നുള്ളു. ഇതിനായുള്ള ഡാറ്റാ എൻട്രി ഓപ്പറേറ്റർ, അക്കൗണ്ടന്റ് എന്നിവരുടെ വേതനമുൾപ്പെടെയുള്ള ഭരണച്ചെലവുകൾ താഴെപ്പറയുന്നു.
വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക ധനകാര്യപത്രികയിൽ NREGS വരവ് – ചെലവ്

ഉൾപ്പെട്ടിട്ടില്ല. ബ്ലോക്ക് ലെവൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം (MIS) വഴി ലഭ്യമാക്കിയ വരവ് -ചെലവ് ആണ് ആയതിനാൽ ഉൾപ്പെടുത്തിയതായിരിക്കുന്നത്.

| മുന്നിരിപ്പ് | തൻവർഷവരവ് | | | ആകെ വരവ് | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|---|
| | EFMS | ഭരണച്ചെലവുകൾക്കായുള്ളതുക (AFS പ്രകാരം) | ആകെ | | EFMS | ഭരണച്ചെലവുകൾക്കായുള്ളതുക (AFS പ്രകാരം) | ആകെ | |
| 227315 | 0 | 468874 | 0 | 696249 | 0 | 498139 | 498139 | 198110 |

.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 3.11.2016മുതൽ 8.11.2016 വരെ | 2015-16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.3.2014 | 2009-10 മുതൽ 2012-13 വരെ | 16.05.2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെൻഡർ ഫോറത്തിന്റെ വിലയായി പിരിച്ച 1995/- രൂപ അടവാക്കിയതായി കാണുന്നില്ല.

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർക്ക് നല്കിയ രസീത് ബുക്ക് നം.4-ലെ 23.07.2015-ാം തീയതിയിലെ രസീത് നമ്പറുകൾ 92, 93, 94, 95 പ്രകാരം ടെൻഡർ ഫോറത്തിന്റെ വിലയായി പിരിച്ച 1995/- രൂപ അടവാക്കിയതായി കാണുന്നില്ല.വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| രസീത് നം. | തീയതി | ഇനം | തുക | അടച്ചയാളുടെ പേര് |
|---|---|---|---|---|
| 92 | 23.7.2015 | ടെൻഡർ ഫോറത്തിന്റെവില | 315 | അഷ്റഫ് ടി മുഹമ്മദ് |
| 93 | -ടി- | -ടി- | 840 | പൗലോസ് കെ.വി |
| 94 | -ടി- | -ടി- | 420 | പി.റ്റി.ബിനോയ് |
| 95 | -ടി- | -ടി- | 420 | എം.ഇ അഹമ്മദ് |
| | | ആകെ | 1995 | |

ടി തുക അടയ്ക്കുന്നതിൽ വീഴ്ച വരുത്തിയതിന് വിശദീകരണം നല്കേണ്ടതാണ് എന്ന് കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ VAT അക്കൗണ്ടിൽ 95/-രൂപയും, ബാക്കിയുള്ള 1900/- രൂപ

24.07.2015-ൽ ആലുവ സബ്ട്രഷറിയിലെ Spl TSB അക്കൗണ്ടിൽ അടയ്ക്കുന്നതിന് പകരം BPFA-I അക്കൗണ്ടിൽ അടച്ചതായും, ഇതുമൂലം ഈ തുക ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവായി ഉൾപ്പെട്ടിട്ടില്ലായെന്നും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ വിശദീകരണം നല്കി. എന്നാൽ ടി തുകകൾ അടച്ചതായുള്ള ട്രഷറി ചെലാനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.
ടി തുക അടവാക്കിയതിന്റെ ചെലാനുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി യുവതീയുവാക്കൾക്ക് സൈനിക അർദ്ധസൈനിക വിഭാഗത്തിൽ ചേരുന്നതിന് പരിശീലനം-അർഹതയില്ലാത്ത ഗുണഭോക്താവിന് നല്കിയ ആനുകൂല്യം നിരാകരിക്കുന്നു.

2015-16 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വികസന ഓഫിസർ നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതിയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1.

| പദ്ധതിയുടെ പേര് | പട്ടികജാതി യുവതീയുവാക്കൾക്ക് സൈനിക അർദ്ധസൈനിക വിഭാഗത്തിൽ ചേരുന്നതിന് പരിശീലനം |
|---|---|
| പ്രൊ.നമ്പർ | എസ് 0 42/16 |
| അടങ്കൽ തുക | 520000/- (എസ് സി പി) |
| ചെലവ് തുക | 480000/-<br>DDNo. 446803dt.20/2/16- 120000<br>DDNo. 686479dt.13/4/16 – 240000<br>DDNo. 686480 dt. 13/4/16 – 120000<br>480000 |
| ട്രെയിനിംഗിന് ഒരാൾക്കുള്ള ബ്ളോക്ക് വിഹിതം | 24000/- |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ബി പി എൽ കുടുംബത്തിലെ യുവതീയുവാക്കൾക്കായുള്ള ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1 പദ്ധതിയിൽ ഉൾപ്പെട്ട ശ്രീ. സംഗീത് ശിവൻ എന്ന ഗുണഭോക്താവിന്റെ കുടുംബ വരുമാനം, അപേക്ഷയോടൊപ്പം സമർപ്പിച്ച വരുമാന സർട്ടിക്കറ്റ് പ്രകാരം 220536/രൂപ ആണ്. കുടുംബ വരുമാനം അനുസരിച്ച് ബി പി എൽ കുടുംബത്തിൽ ഉൾപ്പെടാത്ത ഗുണഭോക്താവിനെ പദ്ധതിയിൽ ഉൾപ്പെടുത്തി ട്രെയിനിംഗ് നല്കി. അർഹതയില്ലാതെ ശ്രീ. സംഗീത് ശിവന് സഹായം നൽകിയത് ഓഡിറ്റ് അംഗീകരിയ്ക്കുന്നില്ല.ആയതിനാൽ പരിശീലനം നല്കിയ പ്രീ-റിക്രൂട്ട്മെന്റ് ട്രെയിനിംഗ് സെന്റർ, കോഴിക്കോട്-20-ന് ബ്ലോക്ക് വിഹിതമായി നൽകിയ 24000/രൂപ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായവരിൽ നിന്നും തിരിച്ച് പിടിയ്ക്കേണ്ടതാണ്.

2. പദ്ധതിയിൽ ഉൾപ്പെടുത്തിയ അബിൻ തങ്കപ്പൻ- എന്ന ഗുണഭോക്താവിന്റെ വരുമാന സർട്ടിക്കറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. അർഹത ഉറപ്പാക്കാൻ കഴിയാത്തതിനാൽ ഗുണഭോക്താവിനുള്ള വിഹിതമായ 24000/ രൂ. തടസ്സപ്പെടുത്തുന്നു.

## 3-2 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ട അപാകതകൾ

2015-16 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതികളിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1.

| | |
|---|---|
| പദ്ധതിയുടെ പേര് | കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾക്ക് മരുന്ന് വാങ്ങൽ |
| പ്രൊ.നമ്പർ | എസ് 0 17/16 |
| അടങ്കൽ തുക | 379100/- |
| മൊത്തം ചെലവ് തുക | 379098/-<br>(ബിൽ നം.4/15-16- തി-26-8-15 --320000/-<br>ബിൽ നം.5/15-16- തി-26-8-15—49900/-<br>ബിൽ നം.14/15-16- തി-24-2-16—9198/-)- |

മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ ഡിഡി നം. 438242 തി. 26.8.2015 പ്രകാരം,3,20,000/-രൂപ കേരള മെഡിക്കൽ സർവിസസ് കോർപറേഷൻ ലിമിറ്റഡിന് നല്കിയിട്ടുണ്ടെങ്കിലും, . 3,00,781/-രൂപയുടെ മരുന്നുകൾ മാത്രമേ നാളിതുവരെ ലഭ്യമായിട്ടുള്ളൂ. ബാക്കി 19,219/രൂപയുടെ മരുന്നുകൾ കൂടി ഇനിയും ലഭിയ്ക്കാനുള്ളതായി കാണുന്നു. മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | പാലിയേറ്റീവ് കെയർ |
| പ്രൊ.നമ്പർ | എസ് 0 21/16 |
| അടങ്കൽ തുക | 113650/- |
| മൊത്തം ചെലവ് തുക | 91062/-<br>ബിൽ നം.13/15-16- തി-18-2-16 --72404/-<br>ബിൽ നം.17/15-16- തി-31-3-15—18658/-) |

1. "കിടപ്പ് രോഗികൾക്ക് സ്വയം തൊഴിൽ പരിശീലനം " എന്ന പദ്ധതിയുടെ ഫലപ്രാപ്തിയെകുറിച്ച് വ്യക്തതയില്ല.പദ്ധതിയിൽ പേപ്പർ കവറുകൾ നിർമ്മിച്ച് വിൽക്കുന്നതിനുവേണ്ടിയുള്ള തൊഴിൽ പരിശീലനമാണ് നടപ്പിലാക്കിയത്.കിടപ്പ് രോഗികൾ അവശ നിലയിലുള്ളവരായതിനാൽ ഇത്തരം തൊഴിലിൽ ഏർപ്പെടാൻ പ്രാപ്തിയുള്ളവരാണെന്ന് കരുതാനാവില്ല. ആയതിനാൽ കിടപ്പ് രോഗികൾക്കുള്ള തൊഴിൽ പരിശീലനം അവർക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ഉപകാരപ്പെടുമെന്ന് ഉറപ്പാക്കാനാവുന്നില്ല. പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഉപകാരപ്രദമായവ തിരഞ്ഞെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടതാണ്.

2.കിടപ്പ് രോഗികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടത്തിയ പരിശീലനപരിപാടിയിൽ പങ്കെടുത്ത രോഗികൾക്ക് ഒരാൾക്ക് 700/-രൂപ പ്രകാരം 39 പേർക്ക് മൊത്തം 27300/-രൂപ ടി എ ,ഡി എ എന്ന ഇനത്തിൽ തുക നല്കിയതായി കാണുന്നു.ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ, രോഗികൾ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നതിന് വാഹനത്തിൽ വന്നതിനുള്ള ചെലവായിട്ടാണ് തുക നല്കിയതെന്ന് വിശദീകരണം നല്കി. പദ്ധതി നിർവ്വഹണത്തിൽ ഇത്തരം പരിപാടികൾക്ക് വാഹന

സൗകര്യം ഒരുക്കുന്നതിനു പകരം, ചെലവ് തുക ഗുണഭോക്താക്കൾക്ക് പണമായി നേരിട്ട് നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

3. (a)

| | |
|---|---|
| പദ്ധതിയുടെ പേര് | മലയിടം തുരുത്ത് ഹോസ്പിറ്റലിലേയ്ക്ക് അനലൈസർ വാങ്ങുന്നത്. |
| പ്രൊ.നമ്പർ | എസ് 0 119/16 |
| അടങ്കൽ തുക | 75000/- |
| മൊത്തം ചെലവ് തുക | 74865/-<br>ബിൽ നം.19/15-16- തി-31-3-16 |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി സൈന്റിഫിക്ക് മെഡിക്കൽ ഇക്യുപ്മെന്റ്(കേരള)പി. ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്ന് 10825/--രൂപയുടെ (ഡിഡി നം. 685798 തി. 5.4.2016) ഉപകരണങ്ങൾ ക്വട്ടേഷൻ ക്ഷണിയ്ക്കാതെ വാങ്ങുകയുണ്ടായി.

(b)

| | |
|---|---|
| പദ്ധതിയുടെ പേര് | സ്ത്രീകൾക്ക് ക്യാൻസർ നിർണ്ണയ ക്യാമ്പ്. |
| പ്രൊ.നമ്പർ | എസ് 0 66/16 |
| അടങ്കൽ തുക | 100000/- |
| മൊത്തം ചെലവ് തുക | 100000/-<br>(ബിൽ നം.18/15-16- തി-31-3-16 --74865/-) |

മേൽ പ്രോജക്ട് നടപ്പിലാക്കുന്നതിലേക്കായി ബുക്ക് ലെറ്റ് പ്രിന്റ് ചെയ്യുന്നതിനായി 10250/- (ഡിഡി നം. 151323 തി. 7.4.2016) ക്വട്ടേഷൻ ക്ഷണിയ്ക്കാതെ രേവതി പ്രിന്റേർസ് വെങ്ങോല, എന്ന സ്ഥാപനത്തിന് നല്കിയതായി കാണുന്നു.

മേൽ പ്രൊജക്ടുകൾ സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയിൽ,കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമാണ് വാങ്ങൽ നടത്തിയതെന്ന് വിശദീകരണം നൽകി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗരേഖയായ ജി ഒ (പി)259/2010 ത.സ്വ.ഭ.വ തീ. 8.11.2010 പ്രകാരം 5000/-രൂ. താഴെയുള്ള വാങ്ങലിന് മാത്രമേ മത്സരാധിഷ്ഠിത ടെൻഡർ/ക്വട്ടേഷൻ രീതി ആവശ്യമില്ലാത്തതുള്ളൂ. മേൽഉത്തരവ് പ്രകാരം, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾക്കും, കൈമാറിക്കിട്ടിയ സ്ഥാപനങ്ങൾക്കും കേരള സ്റ്റോർ പർച്ചേസ് മാന്വൽ ബാധകമാകുന്നില്ല. ആയതിനാൽ, സാധനങ്ങളും,സേവനങ്ങളും സമാഹരിക്കുന്നതിനുള്ള പ്രൊജക്ടുകൾ നടപ്പാക്കുമ്പോൾ മേൽ ഉത്തരവ് പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കാൻ ശ്രദ്ധിയ്ക്കേണ്ടതാണ്.

## 3-3 ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകളിൽപ്പെടാത്ത പദ്ധതിക്കുവേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രവൃത്തിയുടെ പേര് | എടത്തല ഗ്രാമപഞ്ചായത്തിലെ നൊച്ചിമ സേവന ലൈബ്രറി പുനരുദ്ധാരണം |
| പ്രൊ.നമ്പർ | എസ് 057/16 |
| അടങ്കൽ തുക | 2,50,000/- (വികസന ഫണ്ട്) |
| കൺവീനറുടെ പേര് | ശ്രീ.എം.പി.നിത്യൻ |
| എഗ്രിമെന്റ് നമ്പർ-തീയതി | 155/AEE/LSGD/VZKLM/15-16 20.1.16 |

| | |
|---|---|
| എഗ്രിമെന്റ് തുക | 2,50,000/-- |
| എം- ബുക്ക് നമ്പർ | 33/15-16 |
| ആകെ പ്രവൃത്തിമൂല്യം | 2,31,607/- |
| കൺവീനർക്ക് നല്കിയ തുക | 2,26,976/-(ട്രഷറി ബിൽനം. 42/15-16/ 30.03.16 ) |

വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന എടത്തല ഗ്രാമപഞ്ചായത്ത് പ്രദേശത്തെ നൊച്ചിമ സേവന ലൈബ്രറി പുനരുദ്ധാരണത്തിനുവേണ്ടി തയ്യാറാക്കിയ ഈ പ്രൊജക്റ്റിൽ നിലവിലുള്ള കെട്ടിടത്തിന്റെ മുൻഭാഗത്ത്, ACP Cladding നടത്തി കെട്ടിടം മോടിപിടിപ്പിക്കാനും,അതുവഴി ലൈബ്രറിയുടെ മുൻവശത്തെ റോഡിൽനിന്നുള്ള പൊടിശല്യം ഒഴിവാക്കാനുമാണ് ഉദ്ദേശിച്ചിരുന്നത്. ഇതിനുവേണ്ടി ശ്രീ.കെ.എം.ജൂഡ് ചെയർമാനായും, ശ്രീ.എം.പി.നിത്യൻ കൺവീനറായുമുള്ള ഗുണഭോക്തൃസമിതി തെരഞ്ഞെടുക്കുകയും, 20.01.2016-ൽ ശ്രീ.എം.പി.നിത്യൻ ബ്ലോക്ക്പഞ്ചായത്തുമായി കരാർ വെയ്ക്കുകയും, 04.03.2016-ൽ പണി പൂർത്തീകരിക്കുകയും ചെയ്തു.

ഈ പ്രവൃത്തിയിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. 18.09.1995-ലെ ജി.ഒ (പി)189/95/ത.സ്വ.ഭ.വ സർക്കാർ ഉത്തരവ് പ്രകാരമോ,അതിനുശേഷം വന്ന സർക്കാർ ഉത്തരവുകൾ പ്രകാരമോ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലൈബ്രറികളുടെ ചുമതല കൈമാറിയതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവൃത്തിക്കുന്ന ഗ്രാമപഞ്ചായത്തിന്റേതല്ലാത്ത ഒരു ലൈബ്രറിയുടെ പുനരുദ്ധാരണപ്രവൃത്തിക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ വികസനഫണ്ട് ഉപയോഗിക്കാൻ കഴിയില്ല.

2. സേവന ലൈബ്രറിക്ക് താലൂക്ക് ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ളതാണോ എന്ന് വ്യക്തമാക്കുന്ന യാതൊരു രേഖകളും പ്രൊജക്ട് ഫയലിൽ കാണുന്നില്ല.

3. ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രൊജക്ടുകളുടെ മിനിമം അടങ്കൽ 5 ലക്ഷമാണെന്ന് 16.11.2013 ലെ ജി.ഒ(എം.എസ്) 362/2013/തസ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കുന്ന സാഹചര്യത്തിൽ 2.5ലക്ഷം രൂപ മാത്രം അടങ്കൽ വരുന്ന ലൈബ്രറി പുനരുദ്ധാരണം എന്ന പ്രൊജക്ട് ഏറ്റെടുത്തത് മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽപ്പറഞ്ഞ അപാകതകൾ ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് നല്കിയ വിശദീകരണം തൃപ്തികരമല്ല. ആയതിനാൽ പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ഈ നിർമ്മാണ പ്രവൃത്തിക്കു വേണ്ടി ചെലവഴിച്ച 2,31,607/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 ആകെ പ്രവൃത്തിമൂല്യത്തിന് നികുതി കുറവ് ചെയ്തിട്ടില്ല

| | |
|---|---|
| പ്രവൃത്തിയുടെ പേര് | പാലഞ്ചേരി എസ്.സി.കോളനി മെയിന്റനൻസ് |
| പ്രൊ.നമ്പർ | എസ് 031/16 |
| അടങ്കൽ തുക | 5,00,000/- (വികസന ഫണ്ട്) |
| കോൺട്രാക്ടറുടെ പേര് | ശ്രീ.കെ.ആർ ജയപ്രകാശ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 155/AEE/LSGD/VZKLM/15-16 20.1.16 |
| എഗ്രിമെന്റ് തുക | 5,00,000/-- |
| എം- ബുക്ക് നമ്പർ | 28/15-16 |

| | |
|---|---|
| കോൺട്രാക്ടർക്ക് നല്കിയ തുക | 3,88,220/-(ട്രഷറി ബിൽനം.42/15-16 /30.03.16)<br>17,022/- (ജനറൽ പർപ്പസ് ഫണ്ട്) |
| | 405242/- |

പാലഞ്ചേരി എസ്.സി.കോളനി മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ ബിൽതുക നല്കിയപ്പോൾ താഴെപ്പറയുന്ന അപാകതകൾ സംഭവിച്ചതായി കാണുന്നു.

1) പാലഞ്ചേരി എസ്.സി.കോളനി മെയിന്റനൻസ് എന്ന പ്രവൃത്തിഎസ്റ്റിമേറ്റ് നിരക്കിലും 13.77% കുറവിലാണ് ശ്രീ.കെ.ആർ ജയപ്രകാശ് ടെൻഡർ ചെയ്ത് പണി പൂർത്തീകരിച്ചത്.

ആകെ പ്രവൃത്തി മൂല്യമായ 4,98,384/- രൂപയിൽ എസ്റ്റിമേറ്റ് നിരക്കിലും13.77% കുറവ് തുക കണക്കാക്കേണ്ടിടത്ത് 13.70% കുറവ് മാത്രമേ വരുത്തിയിട്ടുള്ളൂ.

2) ആകെ പ്രവൃത്തിയിൽ നിന്ന് ഈടാക്കേണ്ട നിയമാനുസൃത റിക്കവറികൾ കണക്കാക്കിയതിലും അപാകത സംഭവിച്ചിട്ടുണ്ട്.

അതായത്

| | ബിൽതുക നല്കിയത് | നല്കാവുന്നത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 498384 | 498384 |
| ടെൻഡർ വ്യത്യാസം | 68279 (13.70%) | 68627 (13.77%) |
| ആകെ | 430105 | 429757 |
| എസ്റ്റിമേറ്റിൽ പരിമിതപ്പെടുത്തുന്നത് | 430022 | 429757 |
| കുറയ്ക്കുക: ജനറൽ പർപ്പസ് ഗ്രാന്റ് | 17022 | |
| ആകെ | 413000 | 429757 |
| കുറയ്ക്കുക: VAT 4% | 16520 | 17190 |
| IT 1% | 4130 | 4297 |
| KCWWF1% | 4130 | 4297 |
| കോൺട്രാക്ടർക്ക് നല്കുന്നത് | 388220 +17022 =405242 | 403973 |

മേൽപ്പറഞ്ഞ പ്രകാരം നികുതി ഉൾപ്പെടെയുള്ള റിക്കവറികൾ ഈടാക്കിയപ്പോൾ ആകെ പ്രവൃത്തിമൂല്യത്തിൽ നിന്ന് ജനറൽ പർപ്പസ് ഫണ്ട് (17022/-രൂപ) കുറച്ചതിനുശേഷം ആ തുകയുടെനികുതികൾ മാത്രമാണ് കുറവുവരുത്തിയിരിക്കുന്നത്. . എന്നാൽ നികുതി ഉൾപ്പെടെയുള്ള റിക്കവറികൾ കണക്കാക്കുമ്പോൾ ആകെ കൊടുക്കാനുള്ള തുകയിൽനിന്നുവേണം നികുതികൾകുറയ്ക്കേണ്ടത്. അതായത് മേൽപ്രവൃത്തിയിൽ വികസനഫണ്ട് 4,13,000,/- രൂപയ്ക്കൊപ്പം ജനറൽപർപ്പസ് ഗ്രാന്റിൽ നിന്നുള്ള 17022/- രൂപയും കൂടി ഉൾപ്പെടുത്തി വേണമായിരുന്നു റിക്കവറികൾ കണക്കാക്കേണ്ടിയിരുന്നത്.

ആയതിനാൽ 17022/- രൂപയുടെ കൂടി റിക്കവറികൾ താഴെപ്പറയുന്നപ്രകാരം കോൺട്രാക്ടറിൽ നിന്ന് ഈടാക്കി ബന്ധപ്പെട്ട ഏജൻസികളിലേക്ക് അടയ്ക്കേണ്ടതാണ്.

| റിക്കവറികൾ | തുക |
|---|---|
| VAT 4% of 17022/- | 681 |
| IT 1% | 170 |
| KCWWF1% | 170 |

| | |
|---|---|
| ആകെ | 1021 |

## 3-5 താമരച്ചാൽ വനിതാ തൊഴിൽ പരിശീലനകേന്ദ്രം - ലക്ഷങ്ങൾ ചെലവഴിച്ച കെട്ടിടം നിഷ്ക്രിയമായിക്കിടക്കുന്നു.

| | |
|---|---|
| പ്രവൃത്തിയുടെ പേര് | വനിതാ തൊഴിൽ പരിശീലനകേന്ദ്രം പൂർത്തീകരണം താമരച്ചാൽ, കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് |
| പ്രൊ.നമ്പർ | എസ് 074/15 |
| അടങ്കൽ തുക | 5,00,000/- (വികസന ഫണ്ട്) |
| കൺവീനറുടെ പേര് | ശ്രീ.ജിബി തോമസ്സ് |
| എഗ്രിമെന്റ് നമ്പർ- തീയതി | 39/AEE/LSGD/VZKLM/14-15 08.12.14 |
| എഗ്രിമെന്റ് തുക | 5,00,000 |
| എം- ബുക്ക് നമ്പർ | 30/14-15 |
| കൺവീനർക്ക് നല്കിയ തുക | 4,54,727/-(ട്രഷറിബിൽ നം.42/15-16/ 30.03.16 ) |

2014-15 വർഷം എഗ്രിമെന്റ് വെച്ച് പണി ആരംഭിച്ച ഈ പ്രവൃത്തി ഗുണഭോക്തൃസമിതി വഴിയാണ് ചെയ്തത്. ശ്രീ.ജിബി തോമസ്സ് എന്നയാളായിരുന്നു ഗുണഭോക്തൃസമിതി കൺവീനർ. 30.03.2015-ൽ പൂർത്തീകരിച്ച ഈ പ്രവൃത്തിയുടെ 4,97,267/- രൂപയുടെ ഫൈനൽ ബിൽ തുക നല്കുന്നതിനായി 31.3.2015-ൽ തന്നെ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് അലോട്ട്മെന്റ് അനുവദിച്ചെങ്കിലും, നിർവ്വഹണോദ്യോഗസ്ഥനായ അസി.എക്സിക്യൂട്ടീവ് എൻജിനീയർ ബിൽ ട്രഷറിയിൽ നിന്ന് മാറിക്കൊടുത്തില്ല. ഈ അലോട്ട്മെന്റിൽ 3,00,000/-രൂപ വികസനഫണ്ടും, ബാക്കി 1,94,267/- രൂപ തനത് ഫണ്ടും (ജനറൽപർപ്പസ് ഗ്രാന്റ്) ആയിരുന്നു. നിർവ്വഹണോദ്യോഗസ്ഥന്റെ ആവശ്യപ്രകാരം 2014-15-ൽ നല്കിയ ഈ അലോട്ട്മെന്റുകൾ റദ്ദാക്കി, 2015-16 -ൽ എസ് 087/16നമ്പറായി സ്പിൽഓവർ പ്രൊജക്ടായി മേൽപ്പറഞ്ഞ പ്രവൃത്തി അംഗീകാരം വാങ്ങി. തുടർന്ന് താഴെപ്പറയുന്ന പ്രകാരം ഫൈനൽപേയ്മെന്റ് നല്കി.

| | |
|---|---|
| ആകെ പ്രവൃത്തി മൂല്യം | 4,66,290 |
| കൂട്ടുക: 6% | 27,977 |
| ആകെ | 494267 |
| കുറയ്ക്കുക: VAT-5% | 24713 |
| IT -2% | 9885 |
| KCWWF-1% | 4943 |
| ആകെ | 454726 |
| കൺവീനർക്ക് നല്കിയത് | 3,29,726/- |
| | 1,25,000/- |
| | 4,54,726/ |

മേല്പ്പറഞ്ഞ പ്രകാരം ഫൈനൽപേയ്മെന്റ് നല്കിയതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്തൃസമിതി പ്രവൃത്തിയായി ചെയ്ത ഈ പ്രൊജക്ടിന്റെ ഫൈനൽ ബിൽതുകയിൽ നിന്ന് നിയമാനുസൃത കിഴിവുകൾ നടത്തിയതിലും അപാകതയുണ്ട്. അതായത് ഗുണഭോക്തൃസമിതി പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ 6% തുക കൂടി കൂട്ടി, അതിൽനിന്നാണ് ആകെ

പ്രവൃത്തിമൂല്യത്തിന്റെ 5% VAT, 2% IT, 1% KCWWF എന്നിവ കുറയ്ക്കുന്നത്. എന്നാൽ ഇവിടെ ആകെ പ്രവൃത്തിമൂല്യത്തിന്റെ കൂടെ 6%
തുക കൂടി കൂട്ടി, ആ കൂട്ടിയ തുകയുടെതാണ് 5% VAT, 2% IT, 1% KCWWF എന്നിവ കുറച്ചിരിക്കുന്നത്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന്റെ ഫണ്ടിൽ നിന്ന് അധികം തുക റിക്കവറിയിനത്തിൽ നഷ്ടമാകുന്നു. വിശദാംശം താഴെപ്പറയുന്നു.

| | ബിൽതുക നല്കിയത് | നല്കാവുന്നത് |
|---|---|---|
| ആകെ പ്രവൃത്തിമൂല്യം | 466290 | 466290 |
| കൂട്ടുക:6% | 27977 | 27977 |
| ആകെ | 494267 | 494267 |
| കുറയ്ക്കുക:VAT-5% | 24713 (5% of 494267) | 23315 (5% of 466290) |
| IT 2% | 9885 | 9326 |
| KCWWF1% | 4943 | 4663 |
| ആകെ കിഴിവ് | 39541 | 37304 |

ഇപ്രകാരം റിക്കവറികൾ കണക്കാക്കിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് 2237/- അധികമായി അടയ്ക്കേണ്ടി വന്നു.
2. 2011-12 കാലഘട്ടത്തിലാണ് കിഴക്കമ്പലം ഗ്രാമപഞ്ചായത്തിലെ താമരച്ചാൽ എന്ന സ്ഥലത്ത് ഒരു വനിത തൊഴിൽ പരിശീലനകേന്ദ്രം സ്ഥാപിക്കാൻ പദ്ധതി തയ്യാറാക്കി പണി ആരംഭിച്ചത്. തുടർന്ന് 2012-13-ൽ പണിപൂർത്തിയാക്കിയ ഈ വനിത പരിശീലനകേന്ദ്രത്തിന് പിന്നീട് വിവിധ പ്രൊജക്ടുകളിലായി ഫണ്ട് അനുവദിക്കുകയും, പ്രവൃത്തികൾ നടക്കുകയും ഉണ്ടായിട്ടുണ്ട്.
2014-15, 2015-16 സാമ്പത്തികവർഷങ്ങളിലും ഈ കെട്ടിടത്തിന്റെ ഇലക്ട്രിഫിക്കേഷൻ, കെട്ടിടത്തിന്റെ സമീപത്തുള്ള ചിറയുടെ സംരക്ഷണഭിത്തി കെട്ടൽ, കെട്ടിടത്തിന്റെ മുൻവശം മണ്ണിട്ട് നികത്തിനിരപ്പാക്കൽ, കിണർ നിർമ്മാണം, വാട്ടർടാങ്ക് സ്ഥാപിക്കൽ, കെട്ടിടത്തിന്റെ വൈറ്റ് വാഷിംഗ് എന്നീ പ്രവൃത്തികളാണ് 4,94,267/- രൂപ ചെലവഴിച്ച് നടത്തിയത്. ഈ കെട്ടിടത്തിന്റെ നിർമ്മാണപ്രവൃത്തികൾ പരിശോധിക്കാനായി ഓഡിറ്റ് വേളയിൽ നടത്തിയ സ്ഥലപരിശോധനയിൽ മേൽപ്പറഞ്ഞ പ്രൊജക്ട് വഴി 31.3.2015-ൽ പണികൾ പൂർത്തീകരിച്ച ഈ കെട്ടിടത്തിൽ നാളിതുവരെ കറന്റ് കണക്ഷൻ കിട്ടുകയോ, ഈ കെട്ടിടം എന്തിനുവേണ്ടി വിഭാവനം ചെയ്ത് നിർമ്മിച്ചുവോ അത്തരത്തിലുള്ള യാതൊരു പ്രവർത്തനവും നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന് മനസ്സിലാക്കാനായി.
1,25,000/- രൂപ ചെലവഴിച്ച് ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടും, കറന്റ് കണക്ഷൻ എടുക്കാൻ 2 കൊല്ലമായിട്ടും യാതൊരു ശ്രമവും നടത്താത്തത് ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തികൾ വേണ്ടവിധം ഉപയോഗിക്കുന്നതിൽ അധികൃതർ കാണിക്കുന്ന അലംഭാവത്തിന് ഉദാഹരണമാണ്. കറന്റ് കണക്ഷൻ കിട്ടാത്തതിനാൽ മുൻപറഞ്ഞ പ്രൊജക്ടിന്റെ ഭാഗമായി വാങ്ങിയ 1000ലിറ്റർ വാട്ടർടാങ്ക് അത് സ്ഥാപിക്കുന്നതിനുവേണ്ടി നിർമ്മിച്ച സ്റ്റാൻഡിൽ സ്ഥാപിക്കാതെ കെട്ടിടത്തിനുള്ളിൽ വെറുതെ വെച്ചിരിക്കുകയാണ്. ഇപ്രകാരം ലക്ഷങ്ങൾ ചെലവഴിച്ച് നിർമ്മിച്ച ഒരു കെട്ടിടം യാതൊരു പ്രയോജനവും ഇല്ലാതെ നശിച്ചുപോകുന്നത് ഒഴിവാക്കി, അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുസരിച്ച് ഉപയോഗപ്രദമാക്കുവാൻ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ടതാണ്.

## 3-6 ഐ.എ.വൈ വായ്പ- വാർഷികക്കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഭവനനിർമ്മാണാനുകൂല്യം ലഭിക്കുവാനായി 2011-12-ൽ കരാറിൽ ഒപ്പുവെച്ച ഐ.എ.വൈ ഗുണഭോക്താക്കൾക്ക് പുതുക്കിയ നിരക്കിലുള്ള അധിക ധനസഹായം നല്കുന്നതിന് സഹകരണബാങ്കുകളിൽ നിന്ന് വായ്പയെടുക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾക്ക് 24.05.2013-ലെ സ.ഉ(കൈ) നം.193/2013/തസ്വഭവ പ്രകാരം

ഉത്തരവായിട്ടുണ്ട്. 11.5% നിരക്കിലുള്ള വായ്പയുടെ പലിശ സർക്കാർ വഹിക്കുന്നതാണെന്നും, ബ്ലോക്ക് പഞ്ചായത്തുകൾ 10 വർഷത്തിനകം വികസനഫണ്ടിൽ നിന്ന് വായ്പ തിരിച്ചടവ് നടത്തേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

ഇതനുസരിച്ച് 23.05.2013-ൽ ജില്ലാ സഹകരണബാങ്കിന്റെ പെരുമ്പാവൂർ സായാഹ്നശാഖയിൽനിന്ന് 73,00,000/- രൂപ (ലോൺ അക്കൗണ്ട് നം. 3679400000001) 11.5% പലിശനിരക്കിൽ 10 വർഷത്തേക്ക് വായ്പയെടുത്തു. ഈ വായ്പത്തുകയിൽ 31.03.2014 വരെ 72,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് കഴിച്ച് 31.03.2016-ൽ 25,600/- രൂപ നീക്കിയിരുപ്പുണ്ട്.

ഈ വായ്പതുകയിൽ 2015-16 സാമ്പത്തികവർഷം കീഴ്മാട്,വാഴക്കുളം ഗ്രാമപഞ്ചായത്തുകൾ തിരിച്ചടച്ച തുകയായ 22,50,000/- രൂപയും, 30.03.2016-ൽ ട്രഷറിയിൽ നിന്ന് പിൻവലിച്ച ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 29,07,589/- രൂപയും ഉൾപ്പെടെ 51,57,589/- രൂപ 07.05.2016-ൽ ജില്ലാ സഹകരണബാങ്കിന്റെ വായ്പഅക്കൗണ്ടിലേക്ക് തിരിച്ചടച്ചിട്ടുണ്ട്. 31.03.2016-ൽ 21,42,411/- രൂപ അടയ്ക്കുവാൻ ബാക്കിയുണ്ട്.

എന്നാൽ വായ്പ എടുത്ത വിവരമോ, 2015-16-ൽ വായ്പയുടെ ഒരു ഭാഗം തിരിച്ചടച്ചതോ, 31.03.2016-ൽ തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങളോ വാർഷികധനകാര്യപത്രികയിൽ കാണിച്ചിട്ടില്ല. 2016-17 വാർഷികധനകാര്യപത്രികയിൽ ടിവായ്പയുടെ കണക്ക് ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ ആസ്തി-ബാദ്ധ്യത കണക്കുകൾ കൃത്യമാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കീഴ്മാട് ഗ്രാമ പഞ്ചായത്ത് | 2015-16 | 2,00,000 | വെളിയത്ത് തോപ്പിൽ റോഡ് | 2,00,000 | 0 |

2015-16 വർഷം ഐ.എ.വൈ പദ്ധതിക്കുവേണ്ടി എറണാകുളം ജില്ലാ പഞ്ചായത്തും, വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വരുന്ന താഴെപ്പറയുന്ന ഗ്രാമപഞ്ചായത്തുകളും വിഹിതം നല്കിയിട്ടുണ്ട്.

| വിഹിതം നൽകിയ സ്ഥാപനം | പ്രൊജക്ടിന്റെ പേര് | തുക |
|---|---|---|
| ജില്ലാ പഞ്ചായത്ത് | ഐ.എ.വൈ - ജില്ലാ പഞ്ചായത്ത് വിഹിതം | 30,78,237 |
| കിഴക്കമ്പലം ഗ്രാമപഞ്ചായത്ത് | ഐ.എ.വൈ - ഗ്രാമപഞ്ചായത്ത് വിഹിതം | 21,82,500 |
| വാഴക്കുളം ഗ്രാമപഞ്ചായത്ത് | ഐ.എ.വൈ - ഗ്രാമപഞ്ചായത്ത് വിഹിതം | 14,17,500 |
| കീഴ്മാട് ഗ്രാമപഞ്ചായത്ത് | ഐ.എ.വൈ - ഗ്രാമപഞ്ചായത്ത് വിഹിതം | 22,20,000 |

| | | |
|---|---|---|
| ചൂർണ്ണിക്കര ഗ്രാമപഞ്ചായത്ത് | ഐ.എ.വൈ - ഗ്രാമപഞ്ചായത്ത് വിഹിതം | 4,12,500 |
| വെങ്ങോല ഗ്രാമപഞ്ചായത്ത് | ഐ.എ.വൈ - ഗ്രാമപഞ്ചായത്ത് വിഹിതം | 13,05,000 |
| എടത്തല | ഐ.എ.വൈ ഗ്രാമപഞ്ചായത്ത് വിഹിതം | 10,00,000 |

ഈ തുകകൾ മുഴുവൻ ചെലവഴിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കു വേണ്ടി തുക ചെലവഴിച്ചിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷങ്ങളിൽ വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഐ.എ.വൈ ഭവനനിർമ്മാണ പദ്ധതി | എറണാകുളം ജില്ലാ സഹകരണ ബാങ്ക്, 21.5.2013 | 73,00,000 | 73,00,000 | 51,57,589 | 0 | 21,42,411 |

2013-14 സാമ്പത്തികവർഷം എറണാകുളം ജില്ലാ സഹകരണ ബാങ്ക്, പെരുമ്പാവൂർ ഈവനിംഗ് ബ്രാഞ്ചിൽ നിന്നെടുത്ത 73,00,000/- വായ്പയിൽ 31.03.2014 വരെ 72,75,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ വായ്പ തുകയിൽ 2015-16 സാമ്പത്തികവർഷം കീഴ്മാട്, വാഴക്കുളം ഗ്രാമപഞ്ചായത്തുകൾ തിരിച്ചടച്ച തുകയായ 22,50,000/- രൂപയും, ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 29,07,589/- രൂപയും ഉൾപ്പെടെ 51,57,589/- രൂപ 07.05.2016-ൽ തിരിച്ചടച്ചിട്ടുണ്ട്. 31.03.2016-ൽ 21,42,411/- രൂപ അടയ്ക്കുവാൻ ബാക്കിയുണ്ട്.എന്നാൽ വായ്പ എടുത്ത വിവരമോ, തിരിച്ചടയ്ക്കാൻ ബാക്കി നിൽക്കുന്ന തുകയുടെ വിശദാംശങ്ങളോ വാർഷികധനകാര്യപത്രികയിൽ കാണിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-04 | 3.7 | 2008-09 | - | വനിതകൾക്ക് തൊഴിൽ പരിശീലനം | തടസ്സം തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,11,04,923 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,87,52,724 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1900 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 24,000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2,55,607 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1900 | | ടി.എൻ മിനി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ |
| 3-1.1 | | 24000 | വിജിരാജ് എം.ആർ എസ്.സി.ഡി.ഒ |
| ആകെ | 1900 | 24000 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1.2 | 24,000 | വിജിരാജ് എം.ആർ എസ്.സി.ഡി.ഒ |
| 3-3 | 2,31,607 | ടി.എൻ മിനി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ |
| ആകെ | 2,55,607 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | VAT-95 | ടി.എൻ മിനി |
| 3-4 | IT- 170 | ടി.എൻ മിനി അസിസ്റ്റന്റ് എക്സിക്യൂട്ടീവ്എൻജിനീയർ |
| | VAT-681 | |

| | KCWWF-170 |
|---|---|

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വിജിരാജ് എം.ആർ<br>എസ്.സി.ഡി.ഒ | പട്ടികജാതി വികസന ഓഫീസർ, വാഴക്കുളം ബ്ലോക്ക് പഞ്ചായത്ത് | മഠത്തിൽ ഹൗസ്<br>തുരുത്തി പി.ഒ<br>എറണാകുളം-683575 |
| ടി.എൻ മിനി<br>അസിസ്ററന്റ് എക്സിക്യൂട്ടീവ്എൻജിനീയർ | അസിസ്ററന്റ് എക്സിക്യൂട്ടീവ്എൻജിനീയർ | തോട്ടത്തിൽ(H)<br>33/ഹാപ്പി ഹോംസ്,<br>ഇരിങ്ങോൾ പി.ഒ<br>പിൻ. 683545 |

.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96&<br>1996-97 | എൽഎഫ്ഇ(സി1)327/99,<br>01.09.1999 |
| 1997-98 | എൽഎഫ്ഇ(സി1)72/2000,<br>10.08.2000 |
| 1998-99 | എൽഎഫ്ഇ(സി1)697/01,<br>09.10.01 |
| 1999-2000 | എൽഎഫ്ഇ(സി1)1339/02,<br>05.05.2003 |
| 2000-01 | എൽഎഫ്ഇ(സി1)1082/04,<br>25.01.05 |
| 2001-02 | എൽഎഫ്ഇ(സി1)857/05,<br>27.01.06 |
| 2007-08 | എൽഎഫ്ഇ(സി1)288/10,<br>08.12.10 |
| 2008-09 | എൽഎഫ്ഇ(സി1)417/11,<br>07.02.12 |
| 2009-10 | എൽഎഫ്ഇ(സി1)418/11,<br>07.02.12 |
| 2010-11 | എൽഎഫ്ഇ(ബി.പി2)296/12,<br>01.08.12 |

| | |
|---|---|
| 2011-12 | എൽഎഫ്ഇ(ബി.പി2)299/13,<br>14.05.13 |
| 2012-13 | എൽഎഫ്ഇ(ബി.പി2)271/14,<br>28.03.14 |
| 2013-14&<br>2014-15 | കെ.എസ്.എ ഇകെഎം(ബി.പി3)562/16<br>04.04.16 |

.
ജോയിന്റ് ഡയറക്ടർ

**1**

## അനുബന്ധം-1

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ വാഴക്കുളം ബ്ലോക്ക് പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വാഴക്കുളം ബ്ലോക്ക്പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ

ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ജോയിന്റ് ഡയറക്ടർ

.

## APPENDIX - II

## AUDIT CERTIFICATE - 2015-16

.

Certified that I have audited the Annual Financial Statement of Vazhakulam Block Panchayat in Ernakulam District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Vazhakulam Block Panchayat for the year 2015-16 except the observations in my audit report prorperly presents the picture of income and expenditure.

.

Joint Director